# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ഫെബ്രുവരി 7

**February 7** **2020**

1193 മകരം 24 വെള്ളി

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**കരികുളം ഫോറസ്റ്റ് സ്റ്റേഷൻ മന്ദിര ഉദ്ഘാടനം**
**മന്ത്രി കെ.രാജു ഇന്ന് (8) നിർവഹിക്കും**

നബാർഡിന്റെ ധനസഹായത്തോടുകൂടി പൂർത്തീകരിച്ച കരികുളം ഫോറസ്റ്റ് സ്റ്റേഷൻ മന്ദിരത്തിന്റെയും ജീവനക്കാർക്കുള്ള ഡോർമിറ്ററിയുടെയും ഉദ്ഘാടനം ഇന്ന് (8) രാവിലെ 10.30ന് വനം വകുപ്പ് മന്ത്രി അഡ്വ കെ.രാജു നിർവഹിക്കും. കക്കുടുമണ്ണിലെ കരികുളം ഫോറസ്റ്റ് സ്റ്റേഷൻ പരിസരത്ത് നടക്കുന്ന യോഗത്തിൽ രാജു എബ്രഹാം എം.എൽ.എ അധ്യക്ഷത വഹിക്കും. ആന്റോ ആന്റണി എം.പി മുഖ്യ പ്രഭാഷണം നടത്തും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ മധു, ദക്ഷിണമേഖല ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് കെ. വിജയാനന്ദ് തുടങ്ങിയവർ പ്രസംഗിക്കും.

(പിഎൻപി 637/2020)

**കരിപ്പാൻതോട് മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ ഉദ്ഘാടനം**
**ഇന്ന് (8) മന്ത്രി കെ.രാജു നിർവഹിക്കും**

കോന്നി വനം ഡിവിഷനു കീഴിൽ പ്രവർത്തിക്കുന്ന നടവത്തുമൂഴി റെയിഞ്ചിലെ കരിപ്പാൻതോട് മോഡൽ ഫോറസ്റ്റ് സ്റ്റേഷനുവേ ി പുതിയതായി നിർമ്മിച്ച സ്റ്റേഷൻ

കെട്ടിടത്തിന്റെയും ഡോർമെറ്ററിയുടെയും ഉദ്ഘാടനം ഇന്ന് (ഫെബ്രുവരി 8) ഉച്ചകഴിഞ്ഞ് മൂന്നിന് കരിപ്പാൻതോട് ഫോറസ്റ്റ് സ്റ്റേഷൻ അങ്കണത്തിൽ വനം വകുപ്പ് മന്ത്രി അഡ്വ.കെ. രാജു നിർവഹിക്കും.

കെ.യു ജനീഷ്കുമാർ എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എം.പി മുഖ്യപ്രഭാഷണം നടത്തും. പ്രളയരക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥരെ ചടങ്ങിൽ ആദരിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ, അരുവാപ്പുലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുനിൽ വർഗീസ് ആന്റണി തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും.

(പിഎൻപി 638/2020)

## പാടം മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ മന്ദിര ഉദ്ഘാടനം ഇന്ന് (8)

കോന്നി വനം ഡിവിഷന് കീഴിൽ പ്രവർത്തിക്കുന്ന നടുവത്തു മൂഴി ഫോറസ്റ്റ് റെയ്ഞ്ചിലെ പാടം മോഡൽ ഫോറസ്റ്റ് സ്റ്റേഷന്റെ പുതിയതായി പണികഴിപ്പിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം ഇന്ന് (ഫെബ്രുവരി 8) വൈകിട്ട് 4:30ന് പാടം മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ അങ്കണത്തിൽ വനം വകുപ്പ് മന്ത്രി അഡ്വ.കെ.രാജു നിർവഹിക്കും. അഡ്വ.കെ.യു.ജനീഷ് കുമാർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എം.പി മുഖ്യ പ്രഭാഷണം നടത്തും. സർവീസിലിരിക്കെ അകാലത്തിൽ മരണപ്പെട്ട ജീവനക്കാരുടെ കുടുംബങ്ങൾക്ക് കോന്നി വന വികാസ ഏജൻസി (എഫ്.ഡി.എ) യുടെ ധനസഹായ വിതരണവും മന്ത്രി നിർവഹിക്കും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാപ്രഭ, കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മനോജ് കുമാർ, ജില്ലാ പഞ്ചായത്ത് അംഗം ബിനി ലാൽ, ബ്ലോക്ക് പഞ്ചായത്ത് അംഗം സോമരാജൻ, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ സജീവ് റാവുത്തർ, പി.എസ് രാജു, ദക്ഷിണമേഖല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കെ.വിജയാനന്ദൻ, ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ജോർജി പി.മാത്തച്ചൻ, കോട്ടയം ഫോറസ്റ്റ് കൺസർവേറ്റർ പി.വി മധുസൂദനൻ, റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എം.ഉണ്ണികൃഷ്ണൻ, തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എ.പി. സുനിൽ ബാബു, പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എ.ഷാനവാസ്, അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ബി.സന്തോഷ് കുമാർ, പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഫ്ളൈയിംഗ് സ്ക്വാഡ് ബൈജു കൃഷ്ണൻ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 639/2020)

## മുെ   ാമൂഴി കുട്ടവഞ്ചി സവാരി ഇന്ന് (8) ഉച്ചയ്ക്ക് 12 വരെ മാത്രം

അടവി ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായുള്ള മുെ   ാമൂഴി കുട്ടവഞ്ചി സവാരി ഇന്ന് (8) ഉച്ചയ്ക്ക് 12 വരെ ഉ   ാകൂയെന്ന് വനം വകുപ്പ് അധികൃതർ അറിയിച്ചു. മഹാ പ്രളയത്തിൽ റാന്നി, തിരുവല്ല മേഖലയിൽ കുട്ടവഞ്ചിയിലൂടെ രക്ഷാപ്രവർത്തനം നടത്തിയ കുട്ടവഞ്ചി തുഴച്ചിലുകാരെയും വനം വകുപ്പ് ഉദ്യോഗസ്ഥരെയും വനം വകുപ്പ് മന്ത്രി അഡ്വ.കെ.രാജു ആദരിക്കുന്ന ചടങ്ങിൽ പങ്കെടുക്കേ   തിനാലാണ് ഇന്നത്തെ (8) കുട്ടവഞ്ചി

സവാരി 12 മണി വരെയാക്കി നിജപ്പെടുത്തിയത്. കരിപ്പാൻതോട് മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ ഉദ്ഘാടന ചടങ്ങിൽ ഉച്ചകഴിഞ്ഞ് മൂന്നിനാണ് ആദരിക്കൽ ചടങ്ങ് നടക്കുന്നത്.

തുടർന്നുള്ള ദിവസങ്ങളിൽ സമയത്തിന് മാറ്റമു   ാകില്ല. ദിവസവും രാവിലെ 8.30 മുതൽ വൈകിട്ട് 5.30 വരെയാണ് കുട്ടവഞ്ചി സവാരി നടത്തുന്നത്.

(പിഎൻപി 640/2020)

## വനിതാ കമ്മീഷൻ മെഗാ അദാലത്ത് 12ന്

സംസ്ഥാന വനിതാ കമ്മീഷൻ മെഗാ അദാലത്ത് ഈ മാസം 12ന് രാവിലെ 10.30ന് പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും.

(പിഎൻപി 641/2020)

## ജില്ലാ വികസന സമിതി യോഗം 29ന്

ജില്ലാ വികസന സമിതി യോഗം ഈ മാസം 29ന് രാവിലെ 11ന് പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. പ്രീ ഡി സി സി യോഗം രാവിലെ 10.30ന് നടക്കും. എല്ലാ ജില്ലാതല ഉദ്യോഗസ്ഥരും ഈ യോഗത്തിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 642/2020)

## പമ്പുകൾ സബ്സിഡിയോടെ സോളാറിലേക്ക് മാറ്റാം

നിലവിൽ കർഷകർ ഉപയോഗിക്കുന്ന അഗ്രി കണക്ഷനുള്ള പമ്പുസെറ്റുകൾ സോളാറിലേക്കു മാറ്റുന്നതിനു സർക്കാർ 60 ശതമാനം സബ്സിഡി നൽകും. ഒരു എച്ച്.പി പമ്പിന് ഒരു കിലോ വാട്ട് എന്ന രീതിയിൽ ഓൺഗ്രിഡ് സോളാർ പവർ സ്ഥാപിക്കാം. ഒരു കിലോ വാട്ടിന് ഏകദേശം 54,000 രൂപ ചെലവ് വരും. അതിൽ 60 ശതമാനം സർക്കാർ സബ്സിഡി ആയി ലഭിക്കും. ബാക്കി 40 ശതമാനം തുക ഗുണഭോക്താക്കളുടെ വിഹിതം നൽകി നിലവിലുള്ള പമ്പുകൾ സോളാറിലേക്കു മാറ്റാം.

ഒരു കിലോ വാട്ടിന് 100 ചതുരശ്ര അടി എന്ന കണക്കിൽ നിഴൽ രഹിത സ്ഥലം ഉള്ള കർഷകർക്ക് ഇതിനായി അപേക്ഷിക്കാം.

ഒരു കിലോ വാട്ടിന് സോളാർ പാനലിൽ നിന്നും ദിവസം സൂര്യപ്രകാശത്തിന്റെ തീവ്രതയ്ക്കനുസരിച്ച് മൂന്നു മുതൽ അഞ്ച് വരെ യൂണിറ്റ് വൈദ്യുതി ലഭിക്കും. പകൽ പമ്പ് ഉപയോഗിച്ചതിനു ശേഷം വരുന്ന വൈദ്യുതി കെ.എസ്.ഇ.ബി ഗ്രിഡിലേക്കു നൽകാം. ഇതിലൂടെ കർഷകർക്ക് അധിക വരുമാനം ലഭിക്കും.

താല്പര്യമുള്ള കർഷകർ അനെർട്ടിന്റെ ജില്ലാ ഓഫീസിൽ പേര്, ഫോൺ നമ്പർ, പമ്പിന്റെ ശേഷി (ഒരു എച്ച്.പി മുതൽ 10 എച്ച്.പി വരെ ) എന്നിവ നൽകിയാൽ സ്ഥല പരിശോധന നടത്തി ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കും.

ഒരു എച്ച്. പി മുതൽ 10 എച്ച്.പി വരെയുള്ള പമ്പുകൾ ഈ പദ്ധതിയിൽ ഉൾപ്പെടും. കാർഷിക കണക്ഷനുള്ള പമ്പുകൾക്കാണു സബ്സിഡിക്ക് അർഹത. ഫോൺ: 0471 2338077, 2334122.

(പിഎൻപി 643/2020)

## നോർക്ക റൂട്ട്സ് മുഖേന ടെക്നീഷ്യൻമാർക്ക് യു എ ഇ യിൽ അവസരം

യു എ ഇ യിലെ എമിറേറ്റ്സ് സ്പെഷ്യാലിറ്റി ആശുപത്രിയിലേക്കു നോർക്ക റൂട്ട്സ് മുഖേന ഇ.ഇ.ജി/ ന്യൂറോഫിസിയോളജി ടെക്നീഷ്യൻമാരെ തെരഞ്ഞെടുക്കുന്നു. ന്യൂറോടെക്നോളജി ഡിപ്ലോമ കഴിഞ്ഞ് കുറഞ്ഞത് 3 വർഷം പ്രവൃത്തി പരിചയമുള്ള 30 വയസിൽ താഴെ പ്രായമുള്ള വനിതകൾക്കും പുരുഷൻമാർക്കുമാണ് അവസരം. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർഥികൾക്ക് വിസ, വിമാന ടിക്കറ്റ്, താമസം എന്നിവ സൗജന്യം. ശമ്പളം 6000-7000 ദിർഹം (ഏകദേശം 1,16,000 രൂപ മുതൽ 1,35,000 രൂപ ) ലഭിക്കും. താൽപര്യമുള്ള ഉദ്യോഗാർഥികൾ norkauae19@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ബയോഡാറ്റ സമർപ്പിക്കണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

വിശദവിവരങ്ങൾ www.norkaroots.org ലും ടോൾ ഫ്രീ നമ്പരായ 1800 42 53939 (ഇന്ത്യയിൽ നിന്നും) 00918802012345(വിദേശത്തു നിന്നും മിസ്ഡ് കോൾ സേവനം) ലഭിക്കും. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 18.

(പിഎൻപി 644/2020)

## നോർക്ക റൂട്ട്സും കുവൈറ്റ് നാഷണൽ ഗാർഡും കൈകോർക്കുന്നു

നിയമപരവും സുരക്ഷിതവും സുതാര്യവുമായ റിക്രൂട്ടമെന്റ് നടപടികളുടെ ഭാഗമായി നോർക്ക റൂട്ട്സും കുവൈറ്റിലെ സായുധസേനയുമായി കരാറിൽ ഒപ്പുവച്ചു. ആദ്യമായാണു കുവൈറ്റിലെ സായുധസേനയുമായി കേരളത്തിലെ ഒരു റിക്രൂട്ട്മെന്റ് ഏജൻസി കരാറിൽ ഒപ്പുവയ്ക്കുന്നത്.

നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ. ഹരികൃഷ്ണൻ നമ്പൂതിരിയും റിക്രൂട്ട്മെന്റ് മാനേജർ അജിത്ത് കോളശേരിയും 2019 സെപ്തംബറിൽ കുവൈറ്റ് നാഷണൽ ഗാർഡ് ആസ്ഥാനത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയിരുന്നു.
കുവൈറ്റ് സായുധസേന മെഡിക്കൽ വിഭാഗത്തിലെ വിവിധ തസ്തികകളിലേക്ക് ഇന്ത്യയിൽ നിന്നും നോർക്ക റൂട്ടസ് മുഖാന്തിരം നിയമനങ്ങൾ നടത്തുന്നതിനാണു കരാറായത്.

റിക്രൂട്ട്മെന്റിന്റെ ആദ്യപടിയായി വിദഗ്ധ ഡോക്ടർമാരുടെ നിയമനം ഉടൻ നടക്കും. ഇന്റേണൽ മെഡിസിൻ, ജനറൽ സർജറി, കാർഡിയോളജി, ഡെർമറ്റോളജി വിഭാഗങ്ങളിലാണ് ഒഴിവുകൾ. ബിരുദാനന്തര ബിരുദത്തിനുശേഷം അഞ്ചു വർഷ പ്രവൃത്തി പരിചയമുള്ള 30 നും 40 നും മധ്യേ പ്രായമുള്ള പുരുഷൻമാർക്കാണ് അവസരം. കുവൈറ്റിലെ സായുധസേനയിലെ ലെഫ്റ്റനന്റ് തസ്തികയിലാണ് ആദ്യ നിയമനം. തുടക്കത്തിൽ 1100-1400 കുവൈറ്റ് ദിനാറാണ് ശമ്പളം. അപേക്ഷ സമർപ്പിക്കുന്നതിനും കുടുതൽ വിവരങ്ങൾക്കും www.norkaroots.org സന്ദർശിക്കുകയോ, ടോൾ ഫ്രീ നമ്പരായ 1800 42 53939 (ഇന്ത്യയിൽ നിന്നും) 00918802012345 (വിദേശത്തു നിന്നും മിസ്ഡ് കോൾ സേവനം) ലഭിക്കും. അവസാന തീയതി ഈ മാസം 29.

***ഫോട്ടോ ക്യാപ്ഷൻ:നോർക്ക:-*** കുവൈറ്റ് നാഷണൽ ഗാർഡ് അധികൃതരുമായി നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ. ഹരികൃഷ്ണൻ നമ്പൂതിരി കൂടികാഴ്ച

നടത്തിയപ്പോൾ. റിക്രൂട്ട്മെന്റ് മാനേജർ അജിത്ത് കോളശേരിയും നാഷണൽ ഗാർഡ് അധികൃതരും സമീപം.

(പിഎൻപി 645/2020)

## യുവതരംഗം ജില്ലാതല ഉദ്ഘാടനം

സമഗ്രശിക്ഷ കേരളം സംഘടിപ്പിക്കുന്ന യുവതരംഗം പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം പത്തനംതിട്ട കാതോലിക്കേറ്റ് ഹയർസെക്കന്ററി സ്കൂളിൽ സമഗ്രശിക്ഷ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ കെ.വി അനിൽ ഉദ്ഘാടനം ചെയ്തു. ഹയർസെക്കന്ററി പ്രിൻസിപ്പാൾ ജെസി സാമുവൽ, എച്ച്.എം മാത്യു ദാനിയൽ, പുല്ലാട് ബി.പി.ഒ ഷാജി.എ.സലാം, പ്രോഗ്രാം ഓഫീസർ ജോസ് മാത്യു എന്നിവർ പങ്കെടുത്തു.

കൗമാരക്കാരായ കുട്ടികളിൽ ആത്മവിശ്വാസവും, അഭിമാനവും വളർത്തുക, ആധുനിക മനശാസ്ത്ര ധാരണകൾ ഫലപ്രദമായ രീതിയിൽ വിനിമയം ചെയ്യുക, ജനാധിപത്യ - മാനവിക മൂല്യങ്ങൾ എന്നിവ രൂപപ്പെടുത്തുക, മാനസികാരോഗ്യം, കായികാരോഗ്യം, സമഭാവന, ലഹരിമുക്ത സമൂഹം എന്നിവ ലക്ഷ്യമാക്കി സമഗ്രശിക്ഷ കേരളം സംഘടിപ്പിക്കുന്ന പരിപാടിയാണ് 'യുവതരംഗം'. നൃത്തം, സംഗീതം, പാവനാടകം, അഭിനയം എന്നിവയിലൂടെയാണ് ഇവ കുട്ടികളിലേക്ക് എത്തിക്കുന്നത്.

***ഫോട്ടോ അടിക്കുറിപ്പ്: യുവതരംഗം:-***
സമഗ്രശിക്ഷയുടെ നേതൃത്വത്തിൽ പത്തനംതിട്ട കാതോലിക്കേറ്റ് ഹയർസെക്കന്ററി സ്കൂളിൽ നടന്ന യുവതരംഗം പരിപാടി എസ്.എസ്.കെ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ കെ.വി.അനിൽ ഉദ്ഘാടനം ചെയ്യുന്നു.

(പിഎൻപി 646/2020)

## ഗവ. ഐ.ടി.ഐ യിൽ ലിഫ്റ്റ് ഇറക്ടർ കോഴ്സ്

കുഴൽമന്ദം ഗവ. ഐ.ടി.ഐ യിൽ പ്രാക്ടിക്കലിനു പ്രാധാന്യം നൽകി പ്ലെയ്സ്മെന്റ് സപ്പോർട്ടോടുകൂടി നടത്തുന്ന ത്രൈമാസ 'ലിഫ്റ്റ് ഇറക്ടർ' കോഴ്സിന്റെ പുതിയ ബാച്ചിലേക്ക് എസ്.എസ്.എൽ.സി യോഗ്യതയുള്ള ആൺകുട്ടികൾക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 9061899611.

(പിഎൻപി 647/2020)

## കാർഷിക യന്ത്രങ്ങൾ സബ്സിഡിയോടെ സ്വന്തമാക്കാം

സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന കാർഷിക യന്ത്രവൽക്കരണ പദ്ധതി (എസ്.എം.എ.എം) അനുസരിച്ച് സബ്സിഡിയോടെ കാർഷിക യന്ത്രങ്ങൾ സ്വന്തമാക്കുന്നതിന് അപേക്ഷിക്കാം. അപേക്ഷകൾ agrimachinery.nic.in എന്ന വെബ്സൈറ്റിൽ കൂടി ഓൺലൈനായി സമർപ്പിക്കാം.

ഓൺലൈൻ രജിസ്ട്രേഷനായി പാസ്പോർട്ട് സൈസ് ഫോട്ടോ , ബാങ്ക് പാസ് ബുക്ക്, ആധാർ കാർഡ്, കരം അടച്ച രസീത്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ)

എന്നിവ ഹാജരാക്കണം. സ്വന്തമായോ അക്ഷയ സെന്റർ മുഖേനയോ അപേക്ഷ സമർപ്പിക്കാം. ആദ്യം അപേക്ഷിക്കുന്നവർക്ക് ആദ്യം എന്ന രീതിയിലാണ് സബ്സിഡി അനുവദിക്കുന്നത്. തെങ്ങുകയറ്റ യന്ത്രം, കാടുവെട്ടി യന്ത്രം, ചെയിൻസോ, വീൽബാരോ, ഏണി, ഗാർഡൻ ടില്ലർ, ട്രാക്ടർ, നെല്ലുകുത്തുന്ന മില്ല്, അരി പൊടിക്കാനുള്ള യന്ത്രം, തേങ്ങ ആട്ടുന്ന യന്ത്രം, ഡ്രയറുകൾ എന്നിവ ലഭ്യമാണ്.

സബ്സിഡിയുടെ വിശദാംശങ്ങൾ:-1. ചെറുകിട നാമമാത്ര കർഷകർ, വനിതകൾ, പട്ടികജാതി പട്ടിക വർഗ വിഭാഗങ്ങൾ -50 ശതമാനം വരെ (നിബന്ധനകളോടെ). 2. സഹകരണ സ്ഥാപനങ്ങൾക്ക് ഫാം മിഷനറി ബാങ്ക് സ്ഥാപിക്കുന്നതിന് - 80 ശതമാനം. 3. കസ്റ്റം ഹയറിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിന് - 40 ശതമാനം. 4. മറ്റു വിഭാഗങ്ങൾ- 40 ശതമാനം. ഫോൺ : 8281211692, 8547553308.

(പിഎൻപി 648/2020)




.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

ഫെബ്രുവരി 7

February 7

2020

1193 മകരം 24 വെള്ളി

പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**സംസ്ഥാന കവിതാ ക്യാമ്പിന് തുടക്കം:**
**ക്ഷിപ്രപ്രസാദിയും ക്ഷിപ്രകോപിയുമാണ് സാഹിത്യം:**
**ഏഴാച്ചേരി രാമചന്ദ്രൻ**

ക്ഷിപ്രപ്രസാദിയും ക്ഷിപ്രകോപിയുമാണ് സാഹിത്യമെന്ന് ഏഴാച്ചേരി രാമചന്ദ്രൻ പറഞ്ഞു. പത്തനംതിട്ട ഇലവുംതിട്ട സരസകവി മൂലൂർ സ്മാരകത്തിൽ സംസ്ഥാന കവിതാ ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭൂതകാലത്തിലൂടെയുള്ള സഞ്ചാരം എഴുത്തുകാരന്റെ ചര്യയാണ്. ഈ സഞ്ചാരത്തിലൂടെ മാത്രമേ എഴുത്തുകാരൻ പൂർണതിയിലെത്തുകയുള്ളൂ. ഭൂതകാലമാണ് നമ്മെ നിലനിർത്തുന്നതെന്നും ഏഴാച്ചേരി രാമചന്ദ്രൻ പറഞ്ഞു. ഉദ്ഘാടനത്തിന് മുന്നോടിയായി മൂലൂർ സ്മാരകത്തിലെ സ്മൃതി മണ്ഡപത്തിൽ ഏഴാച്ചേരി രാമചന്ദ്രൻ പുഷ്പാർച്ചന നടത്തി.

കേരള ബുക്ക് മാർക്ക് സെക്രട്ടറി എ.ഗോകുലേന്ദ്രൻ അധ്യക്ഷത വഹിച്ചു. സത്യാനന്തര കാലത്തെ സാഹിത്യം എന്ന വിഷയത്തെ ആസ്പദമാക്കി ഡോ.പി. സോമൻ വിദ്യാർഥികൾക്ക് ക്ലാസ് എടുത്തു. മുൻ എം.എൽ.എ കെ.സി രാജഗോപാൽ, മൂലൂർ സ്മാരക സമിതി പ്രസിഡൻറ് പി.വി മുരളീധരൻ, മൂലൂർ സ്മാരകം സെക്രട്ടറി പ്രൊഫ.ഡി. പ്രസാദ്, ക്യാമ്പ് ഡയറക്ടർ വി.എസ് ബിന്ദു, കമ്മിറ്റിയംഗങ്ങളായ രാജൻ വർഗീസ്, പിങ്കി ശ്രീധർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഇന്നും നാളെയുമായി(ഫെബ്രുവരി 8, 9) കവിതാ ക്യാമ്പ് തുടരും. ഇന്ന് 'വായനക്കാരുടെ കവിത' എന്ന വിഷയത്തിൽ ഇ.പി രാജഗോപാലൻ ക്ലാസ് എടുക്കും. ഉച്ചയ്

ക്ക് 'കവിത പരിഭാഷയിൽ' എന്ന വിഷയത്തെ ആസ്പദമാക്കി കെ.എം അജീർകുട്ടി ക്ലാസ് എടുക്കും. നാളെ (9)രാവിലെ 'പുതിയ കാലം: കവിയും നിലപാടുകളും' എന്ന വിഷയത്തെ ആസ്പദമാക്കിയും ക്ലാസ് നടക്കും.

***ഫോട്ടോ അടിക്കുറിപ്പ്: കവിത:-***

പത്തനംതിട്ട ഇലവുംതിട്ട സരസകവി മൂലൂർ സ്മാരകത്തിൽ സംസ്ഥാന കവിതാ ക്യാമ്പ് ഏഴാച്ചേരി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

***കവിത 1:-*** പത്തനംതിട്ട ഇലവുംതിട്ട സരസകവി മൂലൂർ സ്മാരകത്തിൽ സംസ്ഥാന കവിതാ ക്യാമ്പ് ഏഴാച്ചേരി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു.

(പിഎൻപി 649/2020)

## മിൽമ ഗ്രാമോത്സവം ആഘോഷമാക്കി ക്ഷീര കർഷകർ

തിരുവനന്തപുരം മേഖലാ ക്ഷീരോത്പാദക യൂണിയൻ പത്തനംതിട്ട ജില്ലാ മിൽമാ ഗ്രാമോത്സവം ആഘോഷമാക്കി ജില്ലയിലെ ക്ഷീര കർഷകർ. പത്തനംതിട്ട അഴൂർ റോഡിലുള്ള ഡോ.വർഗീസ് കുര്യൻ നഗറിൽ നടന്ന ചടങ്ങിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർവഹിച്ചു. പ്രളയം തകർത്ത ക്ഷീര മേഖലയെ തിരികെ കൊ ുവരാൻ സർക്കാരിന്റെയും ത്രിതല പഞ്ചായത്തുകളുടെയും മിൽമയുടെയും സംഘടിത പ്രവർത്തനങ്ങൾക്ക് സാധിച്ചു. ക്ഷീര കാർഷിക രംഗത്ത് മിൽമ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു ്. എന്നാൽ കാലാനുസൃതമായി കൂട്ടായ പ്രവർത്തനത്തിലൂടെ പാലുത്പാദന രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൊ ു വരാൻ സാധിക്കുമെന്നും ഉദ്ഘാടന പ്രസംഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പറഞ്ഞു.

നൂതന സാങ്കേതിക വിദ്യകൾ കർഷകരിൽ എത്തിക്കുന്നതിനും സംരംഭകത്വം പ്രോസാഹിപ്പിക്കുന്നതിനുമായിട്ടാണു മിൽമ ദ്വിദിന ഗ്രാമോത്സവം ആഘോഷിക്കുന്നത്. ആന ന്ദ് മാതൃക ക്ഷീര സംഘടനാ പ്രസിഡന്റുമാരായി കാൽ നൂറ്റാ ് പൂർത്തിയാക്കിയ മാത്യു ചാമത്തിൽ, എൻ.തമ്പാൻ, പി.ജി ബാബു, എൻ.ബി സത്യൻ, സി.എം തോമസ്, കെ.എൻ ഹരിലാൽ, പി.ആർ കൃഷ്ണൻ നായർ എന്നിവരെ ഗ്രാമോത്സവത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ആദരിച്ചു. മുതിർന്ന ക്ഷീര കർഷകർക്കുള്ള ആദരം തിരുവനന്തപുരം മിൽമ ചെയർമാൻ കല്ലട രമേശ്, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പറും മുൻ ടി ആർ സി എം പി യു ഭരണ സമിതി അംഗവുമായ എം.ബി സത്യൻ, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ഡയറക്ടർ മു പ്പള്ളി തോമസ് എന്നിവർ സമർപ്പിച്ചു. ഏറ്റവും ഗുണനിലവാരമുള്ള പാൽ നൽകിയ മല്ലപ്പള്ളി ബ്ലോക്കിലെ കൊറ്റംകുടി ക്ഷീരസംഘത്തിനുള്ള പുരസ്കാരം ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ സിൽവി മാത്യു സമ്മാനിച്ചു.

ജില്ലയിലെ ക്ഷീരസംഘങ്ങളിൽ നിന്നുള്ള പ്രതിനിധികൾക്കായി ശിൽപശാലകൾ, സമ്മേളനങ്ങൾ, ഡയറി എക്സിബിഷൻ തുടങ്ങിയവ ഗ്രാമോത്സവത്തിന്റെ ഭാഗമായി നടത്തുന്നു ്. എക്സിബിഷനിൽ ക്ഷീര കർഷകർക്ക് ഉപകാരപ്രദമായ ഉത്പന്നങ്ങൾ ആദായ നിരക്കിൽ ലഭിക്കും.

തിരുവനന്തപുരം മിൽമ ഡയറക്ടർ മാത്യു ചാമത്തിൽ, ടി.ആർ.സി.എം.പി.യു മാനേജിംഗ് ഡയറക്ടർ കുര്യാക്കോസ് സഖറിയ, തിരുവനന്തപുരം മിൽമ ഡയറക്ടർ ലിസി മത്തായി, ടി.ആർ.സി.എം.പി.യു മാനേജർ ജീ ജോർജ്, വെച്ചൂച്ചിറ ആപ്കോസ് പ്രസിഡന്റ്

സി.കെ തോമസ്, ചെറുകുന്നം ആപ്കോസ് പ്രസിഡന്റ് കെ.രവിദേവൻ പിള്ള , മാവര ആപ്കോസ് പ്രസിഡന്റ് കെ.കൃഷ്ണപിള്ള, കടിക ആപ്കോസ് സെക്രട്ടറി ജോബോയ് ജോസഫ്, കുഴിക്കാല ആപ്കോസ് സെക്രട്ടറി മേഴ്സി സാമുവേൽ, പുറമറ്റം ആപ്കോസ് സെക്രട്ടറി ബോബൻ ജോൺ, പത്തനംതിട്ട ഡയറി മാനേജർ സൂസൻ തോമസ്, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുൻ ചെയർമാൻ ജോൺ ജേക്കബ് വള്ളക്കാലിൽ, പി ആൻറ് ഐ പത്തനംതിട്ട ഡയറി അസി. മാനേജർ ഡോ. എ.ഷിറാസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഇന്ന് (8) രാവിലെ 11.15ന് നടക്കുന്ന സമാപനസമ്മേളനം ആന്റോ ആന്റണി എം.പി ഉദ്ഘാടനം നിർവഹിക്കും. തിരുവനന്തപുരം മിൽമ ചെയർമാൻ കല്ലട രമേശ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വീണാ ജോർജ് എം.എൽ.എ മുഖ്യപ്രഭാഷണം നടത്തും. ശിൽപശാലകൾ, ഡെയറി എക്സിബിഷൻ, സമ്മേളനങ്ങൾ, അവാർഡ്ദാനം, കലാപരിപാടികൾ എന്നിവയും മിൽമാ ഗ്രാമോത്സവത്തിന്റെ ഭാഗമായി നടക്കും.

***ഫോട്ടോ അടിക്കുറിപ്പ്: മിൽമ:***
പത്തനംതിട്ട അഴൂർ റോഡിലെ ഡോ.വർഗീസ് കുര്യൻ നഗറിൽ മിൽമാ ജില്ലാ ഗ്രാമോത്സവം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്യുന്നു.

***മിൽമ 1:-***
പത്തനംതിട്ട അഴൂർ റോഡിലെ ഡോ.വർഗീസ് കുര്യൻ നഗറിൽ മിൽമാ ജില്ലാ ഗ്രാമോത്സവം ഉദ്ഘാടനം ചെയ്ത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി സംസാരിക്കുന്നു.

(പിഎൻപി 650/2020)

## പുതിയ വാഹനങ്ങളുമായി ജില്ലയിൽ ഏഴ് പോലീസ് സ്റ്റേഷനുകൾ

2019- 20 വർഷത്തെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് അനുവദിച്ച 202 വാഹനങ്ങളിൽ ഏഴെണ്ണം ജില്ലയ്ക്ക് ലഭിച്ചു. ജില്ലാ പോലീസ് ഓഫീസ് കോമ്പൗ ിൽ നടന്ന വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് ജില്ലാ പോലീസ് മേധാവിയുടെ ചുമതല വഹിക്കുന്ന അഡീഷണൽ ജില്ലാ പോലീസ് സൂപ്ര ് എസ്.ശിവപ്രസാദ് നിർവഹിച്ചു. കൊടുമൺ, കോയിപ്പുറം, മൂഴിയാർ, പന്തളം, പെരുമ്പെട്ടി, റാന്നി, വെച്ചൂച്ചിറ പോലീസ് സ്റ്റേഷനുകളിലേക്കാണു പുതിയ മഹേന്ദ്ര ബോലേറോ എൽ.എക്സ് 2 ഡബ്ലൂ.ഡി വാഹനങ്ങൾ അനുവദിച്ചത്. ജില്ലാ സ്പെഷൽ ബ്രാഞ്ച് ഡിവൈ.എസ്.പി: ആർ.ജോസ്, ജില്ലാ നാർകോട്ടിക്ക് സെൽ ഡിവൈ.എസ്.പി:ആർ. പ്രദീപ് കുമാർ, എ.ആർ ക്യാമ്പ് എസ്.ഐ ഫ്രാൻസിസ്, സ്റ്റേഷനുകളിലെ ഡ്രൈവർമാർ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ഫ്ളാഗ് ഓഫ് 1:-*** ജില്ലാ പോലീസ് ഓഫീസ് കോമ്പൗ ിൽ നടന്ന വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് കർമം ജില്ലാ പോലീസ് മേധാവിയുടെ ചുമതല വഹിക്കുന്ന അഡീഷണൽ ജില്ലാ പോലീസ് സൂപ്ര ് എസ്. ശിവപ്രസാദ് നിർവഹിക്കുന്നു.

***ഫ്ളാഗ് ഓഫ് 2:- ജില്ലയിലെ*** ഏഴ് പോലീസ് സ്റ്റേഷനുകൾക്ക് അനുവദിച്ച പുതിയ മഹേന്ദ്ര ബോലേറോ എൽ.എക്സ് 2 ഡബ്ലൂ.ഡി വാഹനങ്ങൾ ജില്ലാ പോലീസ് ഓഫീസ് കോമ്പൗ ിൽ

(പിഎൻപി 651/2020)

## ടെൻഡർ

പുളികീഴ് ബ്ലോക്ക് പഞ്ചായത്ത് 2019 -20 സാമ്പത്തിക വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കണവാടികളിൽ വാട്ടർ പ്യൂരിഫയർ നൽകുന്ന പദ്ധതിക്ക് ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 18. വിശദവിവരങ്ങൾക്ക് പുളികീഴ് ശിശു വികസന പദ്ധതി ഓഫീസുമായി ബന്ധപ്പെടാം. ഫോൺ നമ്പർ: 0469 2610016.

(പിഎൻപി 652/2020)

## വികസന സെമിനാർ നടന്നു

റാന്നി പെരുന്നാട് ഗ്രാമപഞ്ചായത്തിലെ 2020-2021 സാമ്പത്തിക വർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വികസന സെമിനാർ മഠത്തുംമൂഴി ശബരിമല ഇടത്താവളത്തിൽ നടന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബീനാ സജി സെമിനാർ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് വിജു ശ്രീധർ അധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ജയ സജി, പ്രശോഭന, ഉഷകുമാരി രാധാകൃഷ്ണൻ, ശോഭന, എൻ.ഡി മാത്യു, വി.രാജൻ, പി.ടി രാജി, പി.ആർ മോഹനൻ, ആസൂത്രണ സമിതി ഉപാധ്യക്ഷൻ വിശ്വനാഥൻ മാമ്പാറ, സെക്രട്ടറി ആർ. സുരേഷ്കുമാർ എന്നിവർ പ്രസംഗിച്ചു.

(പിഎൻപി 653/2020)

## കിസാൻ ക്രഡിറ്റ് കാർഡ് സ്വന്തമാക്കാൻ അവസരം

അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറുടെ നിർദേശപ്രകാരം പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധിയിൽ അർഹരായ ജില്ലയിലെ എല്ലാ കർഷകർക്കും കിസാൻ ക്രഡിറ്റ് കാർഡ് നൽകും. എം.ഡി.എം അലക്സ് പി. തോമസിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന യോഗത്തിലാണ് തീരുമാനമായത്. പ്രധാൻമന്ത്രി കിസാൻ പദ്ധതിപ്രകാരം എല്ലാ വർഷവും 6000 രൂപാ ലഭിക്കുന്ന കർഷകരുടെ ലിസ്റ്റ് കൃഷിവകുപ്പിൽ ലഭ്യമാണ്. പഞ്ചായത്ത് അടിസ്ഥാനത്തിൽ കർഷകരുടെ ലിസ്റ്റ് തയാറാക്കി ബാങ്കുകൾക്കു ലഭിക്കുന്നതനുസരിച്ച് ബാങ്കുകൾ കിസാൻ ക്രഡിറ്റ് കാർഡ് നൽകാൻ തീരുമാനമായി.

കർഷകർ ചെയ്യുന്ന കൃഷിക്ക് അനുസരിച്ചുള്ള തുകയ്ക്ക് കരമടച്ച രസീത്, കൈവശ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ് എന്നിവ ബാങ്കുകളിൽ എത്തിക്കുന്ന മുറയ്ക്കാണു ബാങ്കുകൾ കിസാൻ ക്രഡിറ്റ് കാർഡ് അനുവദിക്കുന്നത്. എ.ടി.എം കാർഡായ കിസാൻ ക്രഡിറ്റ് കാർഡിന് ബാങ്കുകൾ യാതൊരുവിധ ചാർജും ഈടാക്കുന്നില്ല എന്ന പ്രത്യേകതയും ഉ ്. ഈ കാർഡുപയോഗിച്ച് കൃഷി ആവശ്യത്തിനു വായ്പയെടുക്കുന്ന കർഷകർ വായ്പതുകയും പലിശയും കൃത്യമായി തിരിച്ചടച്ചാൽ അവർക്ക് നാലു ശതമാനം പലിശ ഒടുക്കിയാൽ മതിയാകും. കൃഷിവിള മാത്രം സെക്യൂരിറ്റി ഇനത്തിൽ ഒരു ലക്ഷത്തി അറുപതിനായിരം രൂപവരെ ഇത്തരത്തിൽ കർഷകർക്ക് കിസാൻ ക്രഡിറ്റ് കാർഡ് വഴി വായ്പ ലഭ്യമാകും.

ലീഡ് ബാങ്ക് മാനേജർ വിജയകുമാരൻ, ജില്ലാ അസിസ്റ്റന്റ് പ്രിൻസിപ്പൽ കൃഷി ഓഫീസർ ജോർജി കെ.വർഗീസ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, ബാങ്ക് ജില്ലാ കോ-ഓർഡിനേറ്റർമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

(പിഎൻപി 654/2020)

## വാട്ടർ പ്യൂരിഫയർ വിതരണം ചെയ്യാൻ ടെ ർ ക്ഷണിച്ചു

പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് 2019–2020 സാമ്പത്തിക വർഷ പ്രോജക്ടിൽ ഉൾപ്പെടുത്തി 16 അങ്കണവാടി കേന്ദ്രങ്ങളിലേക്ക് വാട്ടർ പ്യൂരിഫയർ വിതരണം ചെയ്യുന്നതിന് വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മുദ്രവച്ച ടെ റുകൾ ക്ഷണിച്ചു. മുദ്രവച്ച ടെ റുകൾ ഈ മാസം 18ന് ഉച്ചകഴിഞ്ഞ് മൂന്നുവരെ പുളിക്കീഴ് ശിശു വികസന ഓഫീസിൽ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക് ഫോൺ: 0469–2610016.

(പിഎൻപി 655/2020)

## പശു യൂണിറ്റ് പദ്ധതിക്കായി അപേക്ഷ ക്ഷണിച്ചു

ക്ഷീരവികസനവകുപ്പ് 2019–20 വർഷം എസ് സി എ എസ് സി പി പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിലെ വിവിധ ക്ഷീരവികസന യൂണിറ്റുകൾ മുഖേന ഒരു പശു യൂണിറ്റ് പദ്ധതിക്കായി നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ക്ഷണിച്ചു. താല്പര്യമുള്ള പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ക്ഷീരകർഷകർ ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളിൽ ഈ മാസം 15നകം അപേക്ഷ സമർപ്പിക്കണമെന്ന് ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

(പിഎൻപി 656/2020)

## കോട്ടാങ്ങൽ പഞ്ചായത്തിൽ വാട്ടർ ടാങ്ക് വിതരണം ചെയ്തു

കോട്ടാങ്ങൽ ഗ്രാമ പഞ്ചായത്തിലെ എസ് സി വിഭാഗത്തിപ്പെട്ട കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്കുകൾ വിതരണം ചെയ്തു. 2019 –20 വർഷ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടാങ്കുകൾ വിതരണം ചെയ്തത്. പഞ്ചായത്ത് പ്രസിഡന്റെ ബിന്ദു ദേവരാജൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് കെ.എം.എം സലിം അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് അംഗങ്ങളായ ടി.എ ഷാഹിദാ ബിവി, ജോസി ഇലഞ്ഞിപ്പുറം, ഇ.കെ അജി, പഞ്ചായത്ത് ഹെഡ് ക്ലർക്ക് ജി.ദീപ, അക്ക ന്റ് എം.ആർ ശ്രീകുമാർ എന്നിവർ പ്രസംഗിച്ചു ഇരുന്നൂറിൽ അധികം കുടുബങ്ങൾക്ക് ഇത് പ്രയോജനപ്രദമായി.

***ഫോട്ടോ അടിക്കുറിപ്പ്: വാട്ടർ ടാങ്ക്:–***

കോട്ടാങ്ങൽ ഗ്രാമ പഞ്ചായത്തിലെ എസ് സി വിഭാഗത്തിപ്പെട്ട കുടുംബങ്ങൾക്കുള്ള കുടിവെള്ള ടാങ്കുകൾ പഞ്ചായത്ത് പ്രസിഡന്റെ ബിന്ദു ദേവരാജൻ വിതരണം ചെയ്യുന്നു.

(പിഎൻപി 657/2020)

## പട്ടികവർഗ വിദ്യാർഥികൾക്ക് സൗജന്യ പരിശീലനം

2020 ലെ എൻ.ഇ.ഇ.ടി/ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്ക് തയാറെടുക്കുന്ന ജില്ലയിലെ പട്ടികവർഗ വിദ്യാർഥികൾക്ക് താമസ സൗകര്യത്തോടുകൂടി ഒരു മാസത്തെ സൗജന്യപരിശീലന പരിപാടി (ക്രാഷ് കോഴ്സ്) പട്ടിക വർഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്നു. ജില്ലയിൽ 2019–20 അധ്യയന വർഷം പ്ലസ് ടു സയൻസ് വിഷയത്തിൽ പഠിക്കുന്നതും പ്ലസ് വൺ പരീക്ഷയിലും ഇതുവരെയുള്ള പരീക്ഷകളിലും വിജയം

കൈവരിച്ചവരുമായ ജില്ലയിലെ പട്ടികവർഗകാരായ വിദ്യാർഥികൾ പേര്, മേൽവിലാസം, ഫോൺ നമ്പർ, പരിശീലന സ്ഥലത്ത് താമസിച്ച് പരിശീലനത്തിൽ പങ്കെടുക്കുന്നതിനുള്ള രക്ഷിതാവിന്റെ സമ്മതപത്രം, പ്ലസ് വൺ പരീക്ഷയുടെ സർട്ടിഫിക്കറ്റ്, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ സഹിതം വെള്ളകടലാസിൽ തയാറാക്കിയ അപേക്ഷ ഈ മാസം 15 ന് മുമ്പായി റാന്നി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ സമർപ്പിക്കണമെന്ന് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ അറിയിച്ചു. ഫോൺ: 04735 227703.

(പിഎൻപി 658/2020)

## ട്രെയിനിംഗ് ഇൻസ്ട്രക്ടർ ഒഴിവ്

പട്ടികജാതി വികസന വകുപ്പിന്റെ ദക്ഷിണ മേഖലയിലെ പന്തളം ഐ.ടി.ഐ യിൽ ഇലക്ട്രീഷ്യൻ ട്രേഡിൽ ഒരു ട്രെയിനിംഗ് ഇൻസ്ട്രക്ടറുടെ താൽക്കാലിക ഒഴിവു ്. ബന്ധപ്പെട്ട വിഷയത്തിൽ എഞ്ചിനീയറിംഗ് ഡിഗ്രി/ ത്രിവത്സര എഞ്ചിനീയറിംഗ് ഡിപ്ലോമ യോഗ്യതയുള്ളവർ വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റും പകർപ്പും സഹിതം ഈ മാസം 12 ന് രാവിലെ 10.30 ന് നടക്കുന്ന കൂ ടിക്കാഴ്ചയിൽ പന്തളം ഐ.ടി.ഐ യിൽ ഹാജരാകണം. ഫോൺ : 04734 4252243, 9496815907.

(പിഎൻപി 659/2020)

## അപേക്ഷ ക്ഷണിച്ചു

അസാപ് (എ.എസ്.എ.പി) പ്രോഗ്രാം എക്സിക്യൂട്ടീവ് തസ്തികയിലേക്ക് ഇന്റേൺഷിപ്പ് അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചു. 2018 ന് ശേഷം എം.ബി.എ പൂർത്തിയാക്കിയവർക്കും അവസാന സെമസ്റ്റർ പരീക്ഷാഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. ഉദ്യോഗാർഥികൾ ര ് ബയോഡേറ്റാ, യോഗ്യതാ സർട്ടിഫിക്കറ്റുകൾ എന്നിവയുമായി ഈ മാസം 11ന് രാവിലെ 10.30 ന് പത്തനംതിട്ട തൈക്കാവ് ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ നടക്കുന്ന കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം. പ്രതിമാസം 10000 രൂപയാണ് സ്റ്റൈപന്റ്. കൂടുതൽ വിവരങ്ങൾക്ക് 9495219570.

(പിഎൻപി 660/2020)

## അയിരൂർ ചെറുകോൽപുഴ കൺവെൻഷൻ: സ്ക്വാഡ് പരിശോധന നടത്തി

അയിരൂർ ചെറുകോൽപുഴ ഹിന്ദുമത കൺവെൻഷൻ സെന്ററിന്റെ പരിസരത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ഐസ്ക്രീം പാർലറുകൾ, ഭക്ഷണശാലകൾ, ടോയ്സ് ഫാൻസി ഷോപ്പുകൾ, കൂൾബാർ, പാത്രകടകൾ തുടങ്ങിയ വ്യാപാര സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകളുടെ സംയുക്ത സ്ക്വാഡ് പരിശോധനയിൽ 2000 രൂപ പിഴ ഈടാക്കി. അളവുതൂക്ക ഉപകരണം മുദ്ര പതിപ്പിക്കാതെ വ്യാപാരാവശ്യത്തിനായി ഉപയോഗിക്കുന്നതായി ക ത്തിയ അമ്മ ബേക്കറി ഉടമ തങ്ക അരുണിൽ നിന്ന് 2000 രൂപ പിഴ ഈടാക്കുകയും വ്യാപാര സ്ഥാപനത്തിനെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. ഭക്ഷണശാലകളിലെ മാലിന്യ നിർമാർജനം, ജീവനക്കാരുടെ ഹെൽത്ത് കാർഡ് എന്നിവയും സ്ക്വാഡ് പരിശോധന നടത്തി. ലീഗൽ മെട്രോളജി ഇൻസ്പെക്ടർ യു.അല്ലി,

ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് വി.ആർ സന്തോഷ്കുമാർ , റേഷനിംഗ് ഇൻസ്പെക്ടർ ഗിരീഷ് കുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ പി.ജയൻ എന്നിവർ പങ്കെടുത്തു.

(പിഎൻപി 661/2020)

## താറാവ് കർഷകർക്ക് കൈത്താങ്ങായി പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്

പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ താറാവ് കുഞ്ഞുങ്ങളുടെ വിതരണ പദ്ധതി നിരണത്ത് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അംബികാ മോഹൻ ഉദ്ഘാടനം ചെയ്തു. അപ്പർ കുട്ടനാട്ടിലെ താറാവ് കർഷകർക്ക് ഏറെ പ്രയോജനം ചെയ്യുന്ന ഈ പദ്ധതി ജില്ലയ്ക്ക് തന്നെ മാതൃകയാണ്. താറാവ് കർഷകർക്ക് ഇതുപോലൊരു പദ്ധതി ഏറെ കൈത്താങ്ങാണ്. ഈ മേഖലയിൽപ്പെട്ട കർഷകർ ഏറെ പ്രതിസന്ധിയിൽ കൂടി കടന്നുപോകുന്ന അവസരത്തിൽ താറാവ് കർഷകരുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുവാൻ ഇതുപോലൊരു പദ്ധതി ഏറെ ആശ്വാസകരമാകും.

ബ്ലോക്ക് പഞ്ചായത്ത്, പദ്ധതിയിൽ 2.50 ലക്ഷം രൂപാ ഇതിന് വേ ി മാറ്റി വച്ചിട്ടു ്. താറാവ് കർഷകരെ ഗ്രൂപ്പുകളായി തിരിച്ച് 25000 രൂപാ പദ്ധതി വിഹിതവും, 25000 രൂപ ഗുണഭോക്തൃ വിഹിതവുമായി 50000 രൂപയുടെ മൂല്യമുള്ള താറാവിൻ കുഞ്ഞുങ്ങളെയാണു നൽകുന്നത്. അഞ്ച് ഗ്രാമപഞ്ചായത്തിലും ലഭ്യമായ കർഷകരുടെ ഗ്രൂപ്പുകൾ ഇതിനോടകം രൂപീകരിച്ചു കഴിഞ്ഞു. ആയതിന്റെ ബ്ലോക്ക്തല ഉദ്ഘാടനമാണ് നിരണത്ത് നടന്നത്. നിരണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലതാ പ്രസാദ് അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ ശോശാമ്മ മജു, ബിനിൽ കുമാർ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ അഡ്വ.എം.ബി.നൈനാൻ, അന്നമ്മ വർഗീസ്, അലക്സ് ആശാൻകുടി, പുളിക്കീഴ് സീനിയർ വെറ്റിനറി സർജൻ ഡോ.എൻ.സുബിയൻ എന്നിവർ പ്രസംഗിച്ചു.

(പിഎൻപി 662/2020)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഫെബ്രുവരി 7<br>February 7 | 2020 |
|---|---|

**1193 മകരം 24 വെള്ളി**

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**കൊറോണ: ജില്ലയിൽ നിരീക്ഷണത്തിലുള്ളത് 80 പേർ**

ജില്ലയിൽ നിലവിൽ വീടുകളിൽ നിരീക്ഷണത്തിലുള്ളത് 80 പേർ. 28 ദിവസത്തെ നിരീക്ഷണ കാലാവധി പൂർത്തിയായതിനെതുടർന്ന് നിരീക്ഷണത്തിലു ായിരുന്ന ഒരാളെ ഒഴിവാക്കി. കൊറോണ രോഗനിയന്ത്രണത്തോടനുബന്ധിച്ച് വിവിധ സമിതികളുടെ യോഗം കളക്ടറേറ്റിൽ ഡി.എം.ഒയുടെ അധ്യക്ഷതയിൽ ചേർന്നു.

(പിഎൻപി 663/2020)

**ഷെയർ ദി ഐഡിയാസുമായി കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്**

കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഷെയർ ദി ഐഡിയാസ് എന്ന പേരിൽ പത്തനംതിട്ട കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ പരിപാടി സംഘടിപ്പിച്ചു. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് കർമ്മ പദ്ധതി ആവിഷ്കരിക്കുന്നതിനും 2020-2025 വർഷങ്ങളിൽ യുവ ജനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ക്ലബുകൾ, പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പ്, സർവകലാശാലകൾ, കോളേജുകൾ എന്നിവയുമായി നൂതന പദ്ധതികൾ രൂപീകരിക്കാനും, സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക, മാധ്യമ മേഖലകളിലെ പ്രമുഖരെ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

യുവജന ക്ഷേമ ബോർഡ് ജില്ലാ കോ-ഓർഡിനേറ്റർ അഡ്വ. ആർ.ജയൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ യുവജന ക്ഷേമ ബോർഡ് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ ആർ.ശ്രീലേഖ, പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പ് ജില്ലാ ഓഫീസർ .എസ്.എസ് ബീന, ഹരിതകേരളം ജില്ലാ കോ-ഓർഡിനേറ്റർ ആർ.രാജേഷ്, എൻ.വൈ.കെ കോ-ഓർഡിനേറ്റർ സന്ദീപ് കൃഷ്ണൻ, ശുചിത്വ മിഷൻ ജില്ലാ അസി.പ്രോജക്റ്റ് ഓഫീസർ പി.എൻ.ശോഭന, എക്സൈസ് വകുപ്പ് പ്രിവന്റീവ് ഓഫീസർ ഷാജിമോൻ യുവജന സംഘടന ഭാരവാഹികളായ പി.ബി സതീഷ്, ജി.ബൈജു, അഖിൽ, ഹരിഷ്, ജോമോൻ, ജോയ് ജോൺ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

(പിഎൻപി 664/2020)

## ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് വിവരശേഖരണം

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിൽ പഠിക്കുന്ന ഒ.ബി.സി പ്രീമെട്രികസ് കോളർഷിപ്പിന് അർഹരായി 2015-16, 2016-17, 2017-18, 2018-19 വർഷങ്ങളിലെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടും തുക ലഭ്യമാകാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് ഈമാസം 12 ന് രാവിലെ 10.15 മുതൽ 3.30 വരെ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ (ഡി.ഡി.ഇ) ഓഫീസിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഉദ്യോഗസ്ഥർ എത്തിച്ചേരും. സ്കൂൾ അധികൃതരിൽ നിന്നും നിശ്ചിത പ്രൊഫോർമയിൽ ശേഖരിച്ച വിവരങ്ങൾ ബന്ധപ്പെട്ട ഡി.ഇ.ഒ/എ.ഇ.ഒമാർ നേരിട്ടോ പ്രത്യേക ദൂതൻ വഴിയോ അന്നേദിവസം ലഭ്യമാക്കണമെന്ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

(പിഎൻപി 665/2020)






.